പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2487

05.11.2019 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

**ചോദ്യം**

**ശ്രീ. സി.കെ.ശശീന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ ; | (എ) | സംസ്ഥാന യുവജനക്ഷേമ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജന കമ്മീഷൻ,1) മദ്യം, മയക്കുമരുന്ന് ദുരുപയോഗം , റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണം 2) എസ്.സി/എസ്.റ്റി കോളനികളിലും മറ്റ് പിന്നോക്ക മേഖലകളിലെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ. 3) യൂത്ത് ഐക്കൺ അവാർഡ്. 4) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും നടത്തുന്നത്. 5) ദേശീയ സെമിനാർ/ ജില്ലാ സെമിനാർ. 6) ഗ്രീൻ യൂത്ത്/വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതികൾ. 7) യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ. 8)ദേശീയ യുവജന ദിനാഘോഷം. 9) സാംസ്കാരിക വിനിമയ പരിപാടി. 10) പാർശ്വവത്കൃത യുവാക്കളുടെ ശാക്തീകരണം എന്നീ പദ്ധതികളും<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കേരളോത്സവം, യൂത്ത് ക്ലബ്ബ് (യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം, യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ), കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, സംരംഭകത്വവും തൊഴിലും (സംരംഭകത്വ വികസനം, ജോബ് ഫെസ്റ്റ്)ജൻഡർ പദ്ധതികൾ (ആത്മരക്ഷ അയോധനത്തിലൂടെ, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം), കലയും സംസ്കാരവും(നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ), അഡ്വഞ്ചർ അക്കാഡമി(നാഷണൽ അഡ്വഞ്ചർ അക്കാഡമി - ദേവികുളം നിർമ്മാണ പ്രവർത്തനങ്ങൾ), യുവശക്തി (യൂത്ത് കോ-ഓർഡിനേറ്റർമാർക്കുള്ള ഓണറേറിയവും സംഘാടനവും), മറ്റ് വികസന പരിപാടികൾ (യൂത്ത് അവാർഡ്, |

| | | | |
|---|---|---|---|
| | | | യുവമാധ്യമക്യാമ്പ്,യൂത്ത് ഡവലപ്മെന്റ് പ്രോഗ്രാം, ദിനാചരണങ്ങൾ, യുവതാ മാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും, മറ്റ് യുവജന ശാക്തീകരണ പരിപാടികൾ) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾഎന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജോബ് പോർട്ടൽ (തൊഴിലന്വേഷകരെയും, തൊഴിൽദാതാക്കളെയും ഒന്നിപ്പിക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം), യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ (യുവാക്കൾക്ക് നിയമവിദഗ്ധരിലൂടെ നൽകുന്ന സൗജന്യ നിയമ സഹായം), ഗ്രീൻ യൂത്ത് പദ്ധതി (തദ്ദേശിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഇടപെടുകയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും. ചെയ്യുക), പാർശ്വവത്കൃത യുവാക്കളുടെ ശാക്തീകരണം, പിന്നോക്ക പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോട്ടെ ബഡ്‌സ് സ്കൂളുകളിൽ യുവജനങ്ങൾക്ക് കൈത്തൊഴിൽ പരിശീലനം, ട്രൈബൽ ലൈബ്രറികളിൽ ഭരണഘടനാ സംരക്ഷണ സദസ്, ആദിവാസി യുവജനമേള എന്നീ പദ്ധതികൾ യുവജന കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>യുവജനക്ഷേമബോർഡ് ഒരുലക്ഷത്തിൽപരം യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ ഒരു സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. ആയതിൽ 1200 പേർക്ക് നാളിതുവരെ രണ്ട് ഘട്ടങ്ങളിലായി പ്രകൃതിക്ഷോഭങ്ങൾ പോലുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടൽ, പ്രാഥമിക ശുശ്രൂഷ, പരിസ്ഥിതി സംരക്ഷണം, സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. അഭിപ്രായ - ആവിഷ്കാരം സ്വാതന്ത്ര്യങ്ങൾക്കു വേണ്ടി യുവജനങ്ങളെ ഉൽബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടിയാണ് യൂത്ത് കോൺകോഡ്. സാമൂഹ്യ നന്മ ലക്ഷ്യം വച്ച് വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന യൂത്ത് ക്ലബ്ബുകളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് അവർക്ക് അവാർഡ് നൽകുന്ന പദ്ധതിയായ യൂത്ത് കേരള എക്സ്പ്രസ്സ് എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ